കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി2)1350/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 24/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി2)1350/2023 തീയ്യതി: 24/11/2023

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-08-2023	21-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
14-08-2023	21-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
2. ഷറഫുദ്ദീൻ എസ്.എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ഷൈനി പി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. ഹരീഷ് പി.ആർ., ഓഡിറ്റർ

.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മനോജ് തോട്ടപ്പിള്ളി	പ്രസിഡന്റ്	01-04-2022	03-01-2023
ശ്രീമതി പി.കെ. സിന്ധു ടീച്ചർ	പ്രസിഡന്റ്	04-01-2023	29-01-2023
ശ്രീ കെ എം ഷിയാസ്	പ്രസിഡന്റ്	30-01-2023	31-03-2023
ശ്രീ രാമൻകുട്ടി എം എ	സെക്രട്ടറി	01-04-2022	30-04-2022
ശ്രീമതി ജിജി ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-05-2022	09-10-2022
ശ്രീ മോഹനൻ എൻ എം	സെക്രട്ടറി	10-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ജിജി ബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-10-2022
ശ്രീ സുനിൽ കെ എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-11-2022	31-03-2023
ശ്രീമതി മഞ്ജു കെ ആർ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2022	26-09-2022
ശ്രീമതി ഷഹന സി എ	അസിസ്റ്റന്റ് എഞ്ചിനിയർ	27-09-2022	31-03-2023
ഡോ. സിന്ധു കെ	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി	01-04-2022	04-05-2022
ഡോ ഗൗരികൃപ	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി	05-05-2022	09-05-2022
ഡോ ബിമൽ ബാബു	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി	10-05-2022	13-10-2022
ഡോ സിന്ധു കെ	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി	14-10-2022	31-03-2023
ഡോ.ക്രിസ്റ്റി ജോസ്	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2022	31-03-2023
ഡോ.ജോർജ് വർഗീസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ശ്രീ ജ്യുവൽ ജോയ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023

ശ്രീ ജയൻ ടി ബി	എച്ച് എം, എൽ പി സ്കൂൾ, ഒക്കൽ	01-04-2022	31-03-2023
ശ്രീമതി അമീറ ബീഗം	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സൂര്യ പി സി	വി ഇ ഒ, പെരുമ്പാവൂർ സർക്കിൾ	01-04-2022	13-07-2022
ശ്രീ മഹേഷ് പി കെ	വി ഇ ഒ, പെരുമ്പാവൂർ സർക്കിൾ	14-07-2022	31-03-2023
ശ്രീമതി സൂര്യ പി സി	വി ഇ ഒ,ഒക്കൽ സർക്കിൾ	01-04-2022	11-08-2022
ശ്രീ മഹേഷ് പി കെ	വി ഇ ഒ,ഒക്കൽ സർക്കിൾ(ചാർജ്)	12-08-2022	31-08-2022
ശ്രീ ബിനിൽ സി മോഹനൻ	വി ഇ ഒ,ഒക്കൽ സർക്കിൾ	01-09-2022	31-03-2023
ഡോ.ഷൈലേഷ് കുമാർ എസ്.	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി ദിവ്യ പി.എസ്.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.	1-1-2
4	ആസ്തി വിവരങ്ങൾ കൃത്യമല്ല	1-1-3
5	സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-5
7	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം	1-1-6
8	നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഗ്രാന്റ് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് വെരിഫിക്കേഷൻ	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	തനത് വരുമാനം – അവലോകനം	1-11
19	വസ്തു നികുതി – അപാകതകൾ	1-12
20	തൊഴിൽ നികുതി - അപാകതകൾ	1-13
21	എഫ്.ടി.ഇ.ഒ.എസ്. ലൈസൻസ് - അപാകതകൾ	1-14
22	കെട്ടിട വാടകയിനത്തിലുള്ള കുടിശ്ശിക തുകകൾ ഈടാക്കേണ്ടതാണ്	1-15
23	ദുരിതാശ്വാസനിധി - ഇടപാടുകളില്ല	1-16
24	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല	1-17
25	തൊഴിലുറപ്പ് പ്രവൃത്തികൾ - നിരക്ക് നിർണ്ണയിച്ചതിലെ അപാകത	1-18
26	നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല	1-19
27	ആർദ്രം - കരാർ നിയമനം മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്	1-20
28	കറവപ്പശുവിന് കാലിത്തീറ്റ - കൈകാര്യ ചെലവ് ലഭ്യമായില്ല	1-21

29	മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു	1-22
30	പട്ടികജാതി കോളനികളിൽ സമ്പൂർണ്ണ സാക്ഷരത - നവചേതന - അപാകത	1-23
31	എസ്.സി. വിദ്യാർഥികൾക്ക് ലാപ്ടോപ്പ് - അപാകത	1-24
32	വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി.) - ₹ 4,350/- നിരാകരിക്കുന്നു.	1-25
33	SSK വിഹിതം നല്കിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-26
34	വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 14,81,634/- രൂപ തടസ്സപ്പെടുത്തുന്നു.	1-27
35	മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല.	1-28
36	മരാമത്ത് പ്രവൃത്തികൾ - എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല	1-29
37	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുവായ വിലയിരുത്തൽ	1-30
38	വീട് വാസയോഗ്യമാക്കൽ - പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല	1-31
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി.) -4,350/- രൂപ നിരാകരിക്കുന്നു	3-1
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഒക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 24.11.2023

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)2498983.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4962814.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി വിവരങ്ങൾ കൃത്യമല്ല

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല. B11 ഷെഡ്യൂളിൽ ആസ്തി രേഖപ്പെടുത്തിയിരിക്കുന്നത് Other Fixed Assets എന്ന ഹെഡ്ഡിൽ മാത്രമാണ്. എന്നാൽ 10 ഹെഡ്ഡുകളിലായി ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല.

1-1-4 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വിവിധ ഇനങ്ങളിലായി ₹7554558.00 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിലെ ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം

1. തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിയ 19/23, 207/23 എന്നീ പദ്ധതികളുടെ റിക്കവറി തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അടവാക്കി. ആയതിനാൽ സുലേഖ സോഫ്റ്റ്‌വെയർ, ILGMS എന്നിവയിലെ ചെലവ് റിപ്പോർട്ടുകളിൽ ₹20470-യുടെ വ്യത്യാസം നിലനിൽക്കുന്നു.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നടപ്പാക്കിയ 60/23 നമ്പർ പ്രൊജക്ടിലെ റിട്ടെൻഷൻ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വയ്ക്കാത്തതിനാൽ സുലേഖ സോഫ്റ്റ്‌വെയർ റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ചെലവ് ₹654306.00 ആണ്. എന്നാൽ ILGMS റിപ്പോർട്ട് പ്രകാരം ചെലവ് ₹640444.00 ആണ്.(വ്യത്യാസം ₹13862).

1-1-7 നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

സാക്ഷരത അക്കൗണ്ടിന്റെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹443460.00 ആണ്. എന്നാൽ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് ₹449260.00 ആണ് (വ്യത്യാസം ₹5800.00).

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 19-3-2022 ലെ 10/22(1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് എസ്റ്റിമേറ്റ് (19-3-2022 ലെ 10/22(1)തീരുമാനം	
മുന്നിരുപ്പ്	₹3,24,745
വരവ്	₹19,67,49,590
ചെലവ്	₹19,54,97,391
നീക്കിയിരുപ്പ്	₹15,76,944

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൌണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹14380018
വരവ്	₹38627786
ആകെ	₹53007804
ചെലവ്	₹41126769
നീക്കിയിരിപ്പ്	₹11881035

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസനഫണ്ട് - ജനറൽ		16898310	16898310	15606787	0	1291523
വികസന ഫണ്ട് - എസ്.സി.പി.		3395000	3395000	3008574	0	386426
സംരക്ഷണ ഗ്രാന്റ് - റോഡ്		7276000	7276000	5820085	0	1455915
സംരക്ഷണ ഗ്രാന്റ് – നോൺറോഡ്		4696000	4696000	4360699	0	335301
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic Bank	18266	2640000+ 162425 (പലിശ)	2820691	1751039	1069652	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Basic Treasury		430790	430790	0	0	430790
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied Bank	1849153	3960000	5809153	4408276	1400877	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Tied – Treasury	0	1271611	1271611	323572	0	948039
ഹെൽത്ത് ഗ്രാന്റ് 320100202	0	208161 + 2145 (പലിശ)	210306	0	210306	0
ഹെൽത്ത് ഗ്രാന്റ് 320100204	0	80000 + 895 (പലിശ)	80895	0	80895	0

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320200304- Solid Waste Management	10,00,000	0	10,00,000	10,00,000	0	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - അങ്കണവാടി പൂരക പോഷകാഹാരം - 320100196	28018	1297324	1325342	499931	825411	0
320100197 – സാക്ഷരത	437940	11320	449260	0	449260	0
320100198 – ശുചിത്വമിഷൻ	513508	387016	900524	580524	320000	0
320200399 – Life Mission – State Share	100000	0	100000	0	100000	0
320300103 – Sanitation-PBIG	806399	39526	845925	693541	152384	0
320300199 - ആശ്രയ, വിമുക്തി, സർവേ, ODF	2471210	20000	2491210	1333333	1157877	0
320400199 ജനകീയ ഭവനം	12	152507	152519	0	152519	0
320800199 അങ്കണവാടി നെയിംബോർഡ്, ആംബുലൻസ്	54392	0	54392	0	54392	0
320100999 എം എൻ ലക്ഷംവീട്	747390	9240	756630	41400	715230	0

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
222	₹9,64,89,950	₹4,66,98,364	134	21	67	60.36%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	₹7681 + ₹30000 (സർവേ)	₹1258072 2827(പലിശ) ₹27017 (ജിയോ ടാഗ് സർവ്വേ)	₹1325597	₹1315089	₹10508

ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	₹39084241	₹39084241	₹39084241	0
ആകെ	₹37681	₹40372157	₹40409838	₹40399330	₹10508

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	₹2889600	278
വിധവാ പെൻഷൻ	₹9424200	916
വാർദ്ധക്യകാല പെൻഷൻ	₹25882400	2790
വികലാംഗപെൻഷൻ	₹3479000	324
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	₹632800	62
സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	₹90000	3

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,170/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. ഡെപ്പോസിറ്റ് വർക്കുകൾക്കായി ഏജൻസികൾക്ക് മുൻവർഷങ്ങളിൽ നല്കിയ തുകകൾ വിനിയോഗിച്ച് അവ പൂർത്തീകരണത്തിലേക്ക് എത്തുന്നതായി കാണുന്നില്ല. ഉദാഹരണം തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി KSEB ക്ക് 2018-19 മുതൽക്ക് നല്കിയ തുകകൾ.
2. GeM മുഖേനയുള്ള പർച്ചേസ് സംബന്ധിച്ച കംപാരറ്റീവ് സ്റ്റേറ്റ്മെന്റുകൾ പ്രിന്റ് എടുത്ത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	21.06.2022	2021-22	ലഭിച്ചിട്ടില്ല
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.03.2018 മുതൽ 4.4.2018 വരെ	2016-17	18.05.2018

1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിലാണ് ചേലാമറ്റം, കൂവപ്പടി എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതും 12.8 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ളതുമായ ഒക്കൽ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ആകെ 16 വാർഡുകളാണുള്ളത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാനപ്പെട്ട വരവുകളുടെ വിവരങ്ങൾ

2022-23 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിലെ Receipts & Payments അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ് അക്കൗണ്ട്	തുക
1	Tax Revenue	14,87,150.00
2	Fees & User Charges	8,42,576.00
3	Sale & Hire Charges	2,88,685.00
4	Sundry Debtors (Receivables)	1,09,10,114.00
	ആകെ	1,35,28,525.00

തനതുവരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന്റെ വിശദാംശങ്ങൾ

2022-23 ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിനു ലഭ്യമാകേണ്ടതായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരുമാനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ് അക്കൗണ്ട്	തുക	ഹെഡുകളുടെ ആകെ തുക
1	Receivables For Property Tax On Residential Buildings(Current)	3,21,686.00	31,92,718.00
2	Receivables For Property Tax On Non-Residential Buildings (Current)	10,03,244.00	
3	Receivables For Property Tax On Residential Buildings (Arrears)	4,39,224.00	
4	Receivables For Property Tax On Non-Residential Buildings (Arrears)	14,28,564.00	
5	Rent Receivables From Buildings(Current)	72,300.00	1,12,791.00
6	Rent Receivables From Buildings(Arrears)	40,491.00	
7	Receivables Towards Usufructs Of Trees(Arrears)	6,850.00	6,850.00
8	Receivables Towards Other Receipts (Arrears)	8,000.00	8,000.00
	ആകെ	33,20,359.00	33,20,359.00

1. മേൽ പട്ടിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ഹെഡുകളുടെ ആകെ കുടിശ്ശിക (Current + Arrears) 31,92,718.00 രൂപയാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ എല്ലാ വാർഡുകളുടെയും വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ വളരെയധികം കുടിശ്ശിക നിലനിൽക്കുന്നു.

2. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 143 സ്ഥാപനങ്ങളാണ് തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 415 ആണ്. 30 സ്ഥാപനങ്ങൾ തങ്ങളുടെ

ജീവനക്കാരുടെ തൊഴിൽ നികുതി പ്രസ്തുത സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷയിൽ പ്രസ്തുത സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കിലെടുത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. പഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ ആകെ എണ്ണം 2041 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	1086
2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	351
3	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	3
4	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	37
5	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	35
6	ആശുപത്രികൾ	15
7	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	380
8	വ്യവസായാവശ്യത്തിനുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ്	65
9	മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ	46
10	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	20
11	സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, റിസോർട്ടുകൾ	3
	ആകെ	2041

മേൽ പട്ടിക പ്രകാരം 2041 വാണിജ്യ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ആകെ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 415 മാത്രമാണ്. ഇതിൽ പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാലും, ചില സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഒന്നിലധികം കെട്ടിടങ്ങളുള്ളതിനാലും കെട്ടിടങ്ങളുടെ എണ്ണം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവുമായി യോജിക്കുന്നില്ലെങ്കിലും ലൈസൻസെടുക്കാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് ആത്യാവശ്യമാണ്.

4. വാടക ഇനത്തിൽ ആകെ 1,12,791/- രൂപയും, മറ്റ് വരവുകളായി 14,850/- രൂപയും പഞ്ചായത്തിനു ലഭിക്കാനുണ്ട്.

5. 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിനനുസരിച്ചല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം/ മേഖല	ഈടാക്കിയ ലൈസൻസ് ഫീസ്	ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ്
1	ഗ്രീൻലാൻഡ് ഫാം	6.25 കോടി, സേവന മേഖല	1,000	15,000
2	ചന്ദ്ര മാർക്കറ്റിംഗ്	35 ലക്ഷം, സേവന മേഖല	500	1,000
3	നാഗാർജ്ജുന ആയുർവേദിക് സെന്റർ ലിമിറ്റഡ്	8.29 കോടി, സേവന മേഖല	4,000	15,000
4	ഇൻഡോ ട്രേഡേഴ്സ്	20 ലക്ഷം, സേവന മേഖല	500	1,000

. സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഷൈജു റഹീം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4/236 നമ്പർ കെട്ടിടം റിസോർട്ട് എന്ന ഉപയോഗക്രമത്തിലുള്ളതും, വർഗീസ് കുര്യൻ, ജൂഡി എൽസി വർഗീസ് എന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 16/161 ബി, 161 സി എന്നീ നമ്പറുകളിലുള്ള കെട്ടിടങ്ങൾ ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ളതുമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റിസോർട്ട്, ഹോം സ്റ്റേ എന്ന വിഭാഗത്തിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്ഥാപനങ്ങൾ ലൈസൻസിനപേക്ഷിക്കുമ്പോൾ തന്നെ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ആരായേണ്ടതും, സ്ഥാപനങ്ങളുടെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നികുതി അടവാക്കേണ്ട തീയതിയ്ക്ക് മുമ്പ് തന്നെ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. ഇതു മൂലം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

2. പഞ്ചായത്തിന്റെ 16 വാർഡുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അതത് സാമ്പത്തിക വർഷം തന്നെ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്. സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കണക്കാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായി ഈടാക്കേണ്ടതുമാണ്.

4. വാടക, മറ്റ് വരവുകൾ എന്നീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കാനുള്ള തുകകൾ അതാത് സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കേണ്ടതാണ്.

1-12 വസ്തു നികുതി – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 സാമ്പത്തിക വർഷത്തെ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി കുടിശ്ശിക റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്തിലെ ചില വാർഡുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. ഇതിൽ വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം/ വിസ്തീർണ്ണം	ഉടമസ്ഥന്റെ പേര്	വസ്തു നികുതി കുടിശ്ശിക	ഈടാക്കേണ്ട കാലയളവ്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1	1/486, 335 ച.മീ	ഷിജു, കല്ലറ	39,682	2019-20 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
2	2/43 200 ച.മീ	ജോൺസൺ, കല്ലുക്കാടൻ	12,810	2013-14 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
3	2/94 B 71.59 ച.മീ	ഫൈസൽ കെ.പി, കണേലിപറമ്പിൽ	12,030	2018-19 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
4	3/316 B 284 ച.മീ	അനസ് കൊച്ചഹമ്മദ്, മുളാടൻ	18,865	2012-13 മുതൽ 2022-23 വരെ	പാർപ്പിടാവശ്യം
5	3/313 373 ച.മീ	മറിയം ബീവി. സുനിൽ ഹസ്സൻ, മോളത്താൻ	14,751.5	2015-16 മുതൽ 2022-23 വരെ	പാർപ്പിടാവശ്യം
6	4/140 250 ച.മീ	എ.എ.റഫീക്ക്, മുണ്ടേത്ത്	33,490	2018-19 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
7	4/236 134.41 ച.മീ	ഷൈജു റഹീം, തെക്കേമുറിയിൽ	23,712	2020-21 മുതൽ 2022-23 വരെ	റിസോർട്ടുകൾ
8	4/265 906 ച.മീ	എം.എ.റഫീക്ക്, മുണ്ടേത്ത്	21,589	2018-19 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
9	4/139 250 ച.മീ	എം.എ.റഫീക്ക്, മുണ്ടേത്ത്	21,205	2018-19 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
10	4/174 A 135 ച.മീ	അബ്ദുൾ കരിം, മുണ്ടേത്ത്	20,412	2019-20 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
11	5/189 100 ച.മീ	റെജീന റഫീക്ക്, മുണ്ടേത്ത്	18,818	2019-20 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
12	5/276 160 ച.മീ	റ്റി പി ശൌരു, തേലക്കാടൻ	17,010	2013-14 മുതൽ 2022-23 വരെ	വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്
13	9/247 D 159 ച.മീ	മണി വി.എസ്, വട്ടപ്പാറ	30,052	2019-20 മുതൽ 2022-23 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ
14	10/426 D 1886 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	3,56,454	2020-21 മുതൽ 2022-23 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ
15	10/426 B 1812 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	2,28,312	2021-22 മുതൽ 2022-23 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ

16	10/426 E 1036 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	1,95,804	2020-21 മുതൽ 2022-23 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ
17	10/427 1286 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	1,78,242	2020-21 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
18	10/426 C 826 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	1,04,076	2021-22 മുതൽ 2022-23 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ
19	13/157 736.01 ച.മീ	ജാൻസി റാഫേൽ, കൃപ മെറ്റൽ ക്രാഫ്റ്റ്,	54,104	2019-20 മുതൽ 2022-23 വരെ	മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ
20	14/56 A 320 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	70,287	2020-21 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
21	15/420 895 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	75,180	2021-22 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
22	15/421 686 ച.മീ	ബിജു കർണ്ണൻ, കുറവുംപാടത്ത്	57,624	2021-22 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ
23	16/84 74 ച.മീ	ജോബി ജോസ്, അറയ്ക്കൽ	27,980	2013-14 മുതൽ 2022-23 വരെ	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ

2. സഞ്ചയ സോഫ്റ്റ് വെയറിലെ എല്ലാ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില വാണിജ്യ കെട്ടിടങ്ങൾ തെറ്റായ ഉപയോഗക്രമത്തിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	കെട്ടിട ഉടമയുടെ പേര്	വിസ്തീർണ്ണം/ കെട്ടിടത്തിന്റെ ഉപയോഗക്രമം	നിലവിലെ വസ്തു നികുതി നിരക്ക് /ച.മീ.	ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക്
1	1/153	ജിനു, പൂണോളി	648 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
2	2/18	ഇബ്രാഹിം, എട്ടിയാട്ടിൽ	126 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
3	8/120	ജോയ്, പറക്കാടൻ	102 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
4	9/349	കെ വി മോഹനൻ, കുഴയൻവേലി	128.61 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
5	13/565	ഷിജി, പാറപ്പുറം	150 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,	30	50

			ഷോപ്പുകൾ, ഗോഡൗൺ		
6	13/569	ഷെരീഫ ആലിക്കുട്ടി, കപ്പിയാൻ	157.99ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
7	15/356	ജോസ് പള്ളിക്കൽ, മഹേഷ് ദേവീമന്ദിരം, ബൈജു ആലക്കാടൻ ജിജോ മഴവഞ്ചേരി, തങ്കരാജ് കുന്നംപുറം, എൽദോ പി വർഗ്ഗീസ് പുന്നാശ്ശേരി	264 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50
8	15/423	ബിജു കർണ്ണൻ, കുറുവംപാടത്ത്	200 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	50

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.08.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡിക 1-ൽ പരാമർശിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ പഞ്ചായത്തിലെ 16 വാർഡുകളിലേയും, വർഷങ്ങളായി വസ്തു നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ടതായ കുടിശ്ശിക കണക്കാക്കി ഈടാക്കേണ്ടതും, ഖണ്ഡിക 2 ൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പുതുക്കി നിശ്ചയിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 തൊഴിൽ നികുതി - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചില സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്
1	സുധ.കെ.എസ്, ന്യൂട്രിക്രീംസ് പ്രൈവറ്റ് ലിമിറ്റഡ്	II	1,29,140	1250	1,000	250

2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ക്ലാസ്സിക്ക് ഫുഡ്സ്	II
2	എ വൺ ബേക്കറി	II
3	ക്ലാസ്സിയോ ബേക്കറി & റസ്റ്റോറന്റ്	II
4	ലോട്ടസ് ഗിഫ്റ്റ്സ്	II
5	ഒമേഗ സിമെന്റ് ടൈൽ &ഇന്റർലോക്ക്	II
6	കെ വുഡ് എന്റർപ്രൈസ്	II
7	ഐറിഷ് മാർക്കറ്റിംഗ്	II
8	ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക്	I

9	സെന്റ് ജോർജ്ജ് എൽ.പി.എസ്	II
10	ദിൽ ദിവാനെ ബോട്ടീക്ക്	II
11	ആദിത്യ ഹോമിയോ ക്ലിനിക്ക്	II
12	ഗ്രേറ്റ് ഇൻഡ്യൻ സ്പൈസസ് കമ്പനി	II
13	പൂണോലിൽ ട്രേഡിംഗ് കമ്പനി	II
14	കെമാച്ച് എക്യുപ്മെന്റ്സ്	II
15	ന്യൂ ഡോൺ ഡയറീസ്	II
16	ബാംസ് കോൺടിമെന്റ് ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ്	II
17	റിലയൻസ് റീട്ടേൽ ലിമിറ്റഡ്	II
18	കൂർഗ് വെജിറ്റബിൾസ്	II
19	സിപ്പ്കോ പൈപ്പ്സ്	II
20	പി കെ ഫുഡ്സ്	II
21	റിലയൻസ്, ഒക്കൽ	I
22	ന്യൂട്രിക്രീംസ് പ്രൈവറ്റ് ലിമിറ്റഡ്	I
23	ഡെക്കാൻ പ്ലൈ & ബോർഡ്സ്	II

3. ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈസൻസ് രജിസ്റ്റർ നം	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	69	10/81	ടെക്കോ സ്റ്റീൽസ്	6
2	77	10/8 എ, 10/8 ബി	കൊച്ചിൻ ട്രേഡിംഗ് കമ്പനി	4
3	81	5/449	ഓജസ് ഇന്റസ്ട്രീസ്	2
4	104	13/420-423	കെ കെ എ റസിഡൻസി	4
5	105	7/154 എ	മരിയ പ്രോഡക്ട്സ്	2
6	106	6/130	പയനീയർ ഫ്രോസ്റ്റ് കാൻസ്	30
7	107	5/446 എ	ടെസ്കോ പ്ലാസ്റ്റിക്ക്സ്	3
8	154	11/509	സീവുഡ് പ്ലൈ & ബോർഡ്സ്	10
9	155	10/257	സെന്റ് തെരെസാസ് ടിംബർ ഇന്റസ്ട്രീസ്	5
10	157	13/650	ചെറുവള്ളിക്കടി പ്ലാസ്റ്റിക്ക് ഇന്റസ്ട്രീസ്	4
11	159	13/187 എ	നാഷണൽ ഓഫ് സെറ്റ് പ്രിന്റേഴ്സ്	4
12	162	7/27 എ	ഗ്രീൻലാന്റ് ഫാം	7
13	171	16/113	സാഗ്രേറ്റ് അഗ്രോ ഫ്ലോർമിൽ	4
14	183	13/536	വിക്ടറി വിനീർസ് & ബോർഡ്സ്	4
15	207	2/159	കാൻക്കോർ ഇൻഗ്രീഡിയന്റ്സ്	7
16	208	14/18 എ1	ഹോം പ്ലാസ്റ്റിക്ക് ഇന്റസ്ട്രീസ്	6
17	214	7/228	നാനോ പ്ലാസ്റ്റിക്ക്സ്	5
18	219	10/263 എ	ചന്ദ്ര മാർക്കറ്റിംഗ്	15
19	253	5/281	നാഷണൽ സോഡ & സോഫ്റ്റ് ഡ്രിങ്ക്സ്	4
20	259	15/358	ഗംഗോത്രി പെട്രോളിയംസ്	7

21	319	2/242 ബി	ക്രിസ്റ്റോൺ ഇൻസ്ട്രീസ്	8
22	325	7/373 എ	എം ജെ ട്രേഡേഴ്സ്	5
23	336	3/385	ക്വാളിറ്റി പാക്ക്സ്	5
24	341	11/361 എ	കെ സ്ക്വയർ പോളിപ്ലാസ്റ്റ്	3
25	358	11/372 ബി	സാമന്ത്ര ആയുർവേദ	7
26	361	11/432	വുഡ് ലാൻഡ് ഇൻസ്ട്രീസ്	4
27	371	6/130 എ	ഗോൾഡൻ മിസ്റ്റ് ട്രേഡിംഗ്	5
28	373	13/144	റഫ്ല ടിംബേഴ്സ്	12
29	408	10/428	കെ കെ ആർ പെട്രോളിയം പ്രോഡക്ട്സ്	3
30	412	13/106	ആർട്ടീവ്	4

4. തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കരാറുകാർ ആരുംതന്നെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

5. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നു.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.08.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ആയതിനാൽ ഖണ്ഡിക നമ്പർ 1,2,3,4 എന്നിവയിൽ പരാമർശിച്ച ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 എഫ്.ടി.ഇ.ഒ.എസ്. ലൈസൻസ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിനനുസരിച്ചല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം/ മേഖല	ഈടാക്കിയ ലൈസൻസ് ഫീസ്	ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ്
1	ഗ്രീൻലാൻഡ് ഫാം	6.25 കോടി, സേവന മേഖല	1,000	15,000
2	ചന്ദ്ര മാർക്കറ്റിംഗ്	35 ലക്ഷം, സേവന മേഖല	500	1,000
3	നാഗാർജ്ജുന ആയുർവേദിക് സെന്റർ ലിമിറ്റഡ്	8.29 കോടി, സേവന മേഖല	4,000	15,000
4	ഇൻഡോ ട്രേഡേഴ്സ്	20 ലക്ഷം, സേവന മേഖല	500	1,000

2. സഞ്ചയ സോഫ്റ്റ്വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഷൈജു റഹീം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4/236 നമ്പർ കെട്ടിടം റിസോർട്ട് എന്ന ഉപയോഗക്രമത്തിലുള്ളതും, വർഗീസ് കുര്യൻ, ജൂഡി എൽസി വർഗീസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 16/161 ബി, 161

സി നമ്പറുകളിലുള്ള കെട്ടിടങ്ങൾ ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ളതുമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റിസോർട്ട്, ഹോം സ്റ്റേ എന്ന വിഭാഗത്തിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.08.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡിക 1 ൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതും, ഖണ്ഡിക 2ൽ പരാമർശിച്ച സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കോള്ളേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 കെട്ടിട വാടകയിനത്തിലുള്ള കുടിശ്ശിക തുകകൾ ഈടാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വാടക, മറ്റ് ചില വരവ് ഹെഡുകൾ എന്നിവയിൽ കുടിശ്ശിക ഇനത്തിൽ തുകകൾ പഞ്ചായത്തിനു ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡിന്റെ പേര്	തുക
1	Rent Receivables From Buildings(Current)	72,300.00
2	Rent Receivables From Buildings(Arrears)	40,491.00
3	Receivables Towards Usufructs Of Trees(Arrears)	6,850.00
4	Receivables Towards Other Receipts (Arrears)	8,000.00

മേൽ തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.08.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ അടിയന്തിരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ദുരിതാശ്വാസനിധി - ഇടപാടുകളില്ല

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കും വിധം ദുരിതാശ്വാസനിധി രൂപീകരിച്ച് ഒക്കൽ സർവീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ അക്കൗണ്ട് തുടങ്ങിയെങ്കിലും നിലവിൽ ഈ അക്കൗണ്ടിൽ ഇടപാടുകളൊന്നും നടക്കുന്നില്ല (അക്കൗണ്ട് നം.5898). 22.08.2019 തീയതിയിലാണ് അവസാനമായി ഈ അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ച് വിതരണം നടത്തിയിട്ടുള്ളത്. പലിശയുൾപ്പെടെ 31.03.2023-ൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് 37708/- രൂപയാണ്. ദുരിതാശ്വാസ നിധി നിഷ്ക്രിയമായി തുടരുന്നത് അഭിലഷണീയമല്ല. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുന്നതിനും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

1-17 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2023-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

ക്രമ നം.	ഹെഡ്	ഇനം	തുക (₹)
1	320100196	അങ്കണവാടി അനുപൂരക പോഷകാഹാരം	8,25,411
2	320100197	സാക്ഷരത	4,49,260

3	320100198	ശുചിത്വമിഷൻ ഗ്രാന്റ്	3,20,000
4	320100202	ഹെൽത്ത് ഗ്രാന്റ്	2,10,306
5	320100204	ഹെൽത്ത് ഗ്രാന്റ്	80,895
6	320100999	എം എൻ ലക്ഷം വീട്, മറ്റ് ബാദ്ധ്യതകൾ	7,15,230
7	320200104	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	10,69,652
8	320200113	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	14,00,877
9	320200399	ലൈഫ് ഭവനപദ്ധതി	1,00,000
10	320300103	ടോട്ടൽ സാനിട്ടേഷൻ	1,52,384
11	320300199	ആശ്രയ, വിമുക്തി,സർവേ,ODF	1,157,877
12	320400199	ജനകീയഭവനം	1,52,519
13	320700104	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	2,35,730
14	320700204	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	67,937
15	320700404	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	3,86,669
16	320800199	അഗതി പുനരധിവാസം	54,392
17	320900102	കൊവിഡ് നിയന്ത്രണം	2,52,696

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. ലഭ്യമായ തുക വിനിയോഗിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 17.08.2023 ൽ 50ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

1-18 തൊഴിലുറപ്പ് പ്രവൃത്തികൾ - നിരക്ക് നിർണ്ണയിച്ചതിലെ അപാകത

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളിൽ കട്ട വിരിക്കൽ പ്രവൃത്തിക്ക് അധിക നിരക്കാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയിട്ടുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് വരുന്ന പ്രവൃത്തികളിൽ കുറഞ്ഞ നിരക്ക് സ്വീകരിക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതികളുടെ നിരക്ക് കൂടുതലായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി (അളവ് പുസ്തകം)	ചെയ്ത പ്രവൃത്തി	നൽകിയ തുക	എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കിയ നിരക്ക് പ്രകാരം നൽകാവുന്ന തുക	വ്യത്യാസം
1	വാർഡ് 1- ശാന്തിമഠം റോഡ് കട്ട വിരിക്കൽ	Providing And Laying 80mm Thick Factory Made	291.20x1255.470= 365592.86	291.20x1008.47 =293666.46	71926.40

	(241/2022-23)	Concrete Inter Locking Paver Block... (291.20m2)			
2	വാർഡ്-14 ചേലാമറ്റം വരിക്കക്കുഴി റോഡ് കോൺക്രീറ്റിംഗ് (214/2021-22)	Providing And Laying 80mm Thick Factory Made Concrete Inter Locking Paver Block... (103.60m2)	103.60x1229.725= 127399.51	103.60x1008.47= 104477.49	22922.02
3	വാർഡ് 10 ഈസ്റ്റേൺ ക്വാർട്ടേഴ്സ് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് (158/22-23)	Providing And Laying 80mm Thick Factory Made Concrete Inter Locking Paver Block... (256.35m2)	256.35x1229.725= 315240	256.35x1008.47= 258521.28	56718.72

മേൽ രീതിയിൽ അധിക തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ 17.08.2023-ൽ 6൦ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ സെക്യൂർ എന്ന സോഫ്റ്റ്‌വെയറിലെ Item No.80.8.34 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദീകരിച്ചു. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം തയ്യാറാക്കുന്ന നിരക്കുകൾ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രകാരവും,കരാറുകാരന്റെ ലാഭവും,ഓവർഹെഡ് ചാർജ്ജും, കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തിയുമാണ് തയ്യാറാക്കുന്നത്. ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രണ്ട് രീതിയിൽ നിരക്ക് കണക്കാക്കുന്നത് പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. നിരക്ക് ഏകീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൽ ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

ഹെഡ് കോഡ്	വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക	ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക	ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക	വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക
460500202	₹2809010	₹1273761	-	₹4082771

കെ.എസ്.ഇ.ബിക്ക് 2018-19 വർഷം പ്രോജക്റ്റ് നമ്പർ 30/19 പ്രകാരം നൽകിയ ₹1000000/- രൂപ വാർഷിക ധനകാര്യപത്രികയിൽ Advance To Implementing Agencies എന്ന ഹെഡ്ഡിന് പകരം 410800101 Other Fixed Assets എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ 1000000/-രൂപയുടെ കുറവുണ്ട്. യഥാർത്ഥത്തിൽ ₹5082771.00 ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

2017-18

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് /വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	6/18 തെരുവ് വിളക്ക് മീറ്ററിംഗ്	19/2017-18, 21.10.2017	₹800000
	ആകെ		₹800000

2018-19

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് /വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	153/19 ലൈൻ എക്സ്റ്റൻഷൻ	33/2018-19, 06.03.2019	₹45902
2	38/19 പുതിയ പോസ്റ്റ് സ്ഥാപിക്കൽ	36/2018-19, 07.03.2019	₹63755
3	30/19 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ്	30/2018-19, 15.11.2018	₹1000000
		ആകെ	₹1109657

2019-20

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	124/20 തെരുവ് വിളക്കുകൾക്ക് പുതിയ പോസ്റ്റ് സ്ഥാപിക്കൽ	8/2019-20 20.07.2019	₹136245
		ആകെ	₹136245

2020-21

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	190/21, തെരുവ് വിളക്കുകളുടെ ലൈൻ എക്സ്റ്റൻഷൻ	23/20-21 10.03.2021	₹58444

		ആകെ	₹58444

2021-22

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	136/22-വൈദ്യുതി ലൈൻ നീട്ടൽ	45100473/25.03.2022 45100473/25.03.2022 45100473/31.03.2022	₹1552444 ₹47556 ₹104664
		ആകെ	₹1704664

2022-23

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	248/23 ഒക്കൽ പഞ്ചായത്തിലെ വിവിധ റോഡുകളിലെ ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	287/20.03.2023	₹193446
2	07/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	364/28.03.2023	₹1080315
		ആകെ	₹1273761

ബി) കേരള വാട്ടർ അതോറിറ്റി

ഹെഡ് കോഡ്	വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക	ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക	ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക	വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക
460500201	₹1089000	₹140000	0	₹1229000

2018-19

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	108/19, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	10/26-6-18	₹200000
2	32/19, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	35/6-3-19	₹889000
		ആകെ	₹1089000

2022-23

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക്/വൗച്ചർ നമ്പർ	മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	244/23 വാട്ടർ അതോറിറ്റിക്ക്	224/15.02.2023	₹140000

	തുക അടവാക്കൽ		
		ആകെ	₹140000

നിക്ഷേപ പ്രവൃത്തികൾക്ക് കൈമാറുന്ന തുക യഥാസമയം വിനിയോഗിക്കുന്നുണ്ടോയെന്നത് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. 2018-19 വർഷത്തിൽ പ്രോജക്ട് നമ്പർ 30/19 പ്രകാരം നൽകിയ ₹1000000/- രൂപ വാർഷിക ധനകാര്യപത്രികയിൽ Advance To Implementing Agencies എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതും 2017-18 വർഷം മുതൽ കൈമാറിയ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നുവെന്നത് ഗൗരവപൂർണ്ണം കണ്ട് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-20 ആർദ്രം - കരാർ നിയമനം മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

പ്രോജക്ടിന്റെ പേര്	ആർദ്രം പ്രോജക്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ - എഫ്. എച്ച് സി
പ്രോജക്ടിന്റെ നം / വർഷം	എസ് 012/23
അടങ്കൽ തുക / ഫണ്ട്	12,00,000/- രൂപ. (വികസന ഫണ്ട് 600000/, മെയിന്റനൻസ് ഫണ്ട് റോഡിതരം -600000/)
ചെലവ്	1181730/- (വികസന ഫണ്ട് -581730/, മെയിന്റനൻസ് ഫണ്ട് റോഡിതരം -600000/)
ചെലവ് തുക / ബിൽ നം. / തീയതി	1)302900/-രൂപ. ബിൽ നം.57 തീയതി 25.08.2022 2)172340/- രൂപ. ബിൽ നം.137 തീയതി 28.11.2022 3)102270/- രൂപ. ബിൽ നം.147 തീയതി 02.12.2022 4)4220/- രൂപ. ബിൽ നം.256 തീയതി 08.03.2023 5)202840/- രൂപ. ബിൽ നം.77 തീയതി 28.09.2022 6)102270/- രൂപ. ബിൽ നം.189 തീയതി 18.01.2023 7)97870/- രൂപ. ബിൽ നം.218 തീയതി 08.02.2023 8)197020/- രൂപ. ബിൽ നം.291 തീയതി 24.03.2023

പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം 115/2022/തസ്വഭവ തീയതി 28.05.22) ഖണ്ഡിക 7.6.2 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനായി ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്. ആർദ്രം പദ്ധതി പ്രകാരം ഒക്കൽ എഫ്.എച്ച് .സി യിലേക്ക് ഡോക്ടർ , ഫാർമസിസ്റ്റ്, നേഴ്സ് എന്നിവരെ നിയമിച്ചത് മാനദണ്ഡങ്ങൾ പ്രകാരമല്ല. മെഡിക്കൽ ഓഫീസർ, എൻ.എച്ച്.എം പ്രതിനിധികൾ പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മറ്റി എന്നിവരാണ് നിലവിലെ ഡോക്ടറെയും പാരമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചത്. ഗ്രാമ പഞ്ചായത്തിലെ 11.08.21 ലെ അടിയന്തിര യോഗത്തിലെ 10ാം നമ്പർ തീരുമാന പ്രകാരം ഉത്തരവ് നം 209/2021 അനുസരിച്ച് 16/08/21 ൽ നിയമിച്ചു. കരാർ പ്രകാരം 24/8/21 മുതൽ 31/03/22 വരെയാണ് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം. എന്നാൽ പിന്നീട് ഗ്രാമപഞ്ചായത്ത് 11/04/22 തീയതിയിലെ അടിയന്തിര യോഗത്തിലെ 5-ാം

നമ്പർ തീരുമാന പ്രകാരം 02/04/22 മുതൽ 31/03/23 വരെ നിലവിലെ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും പുനർ നിയമിച്ചു. പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/18.08.23) ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ നിയമനങ്ങൾ 17.01.2019ലെ തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിന്റെ 442/ഡിബി-2/18/തസ്വഭവ നമ്പർ സർക്കുലർ ഖണ്ഡിക 1 പ്രകാരമാണെന്നും E-health ഉൾപ്പെടെയുള്ള പരിശീലനങ്ങൾ ലഭിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ കരാർ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും കരാർ നിയമനങ്ങളിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-21 കറവപ്പശുവിന് കാലിത്തീറ്റ - കൈകാര്യ ചെലവ് ലഭ്യമായില്ല

പ്രോജക്ട് നം, പേര്	S0 166/23 കറവപ്പശുവിന് കാലിത്തീറ്റ- വനിത	
നിർവഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	
അടങ്കൽ തുക	₹14,00,000/- (വികസന ഫണ്ട് ജനറൽ-₹6,30,000/-, തനതു ഫണ്ട്-70000/-, ഗുണഭോക്തൃ വിഹിതം-₹7,00,000/-)	
ചെലവ്	₹9,06,575/- (വികസന ഫണ്ട് ജനറൽ -630000/-, തനതു ഫണ്ട്-0/-, ഗുണഭോക്തൃ വിഹിതം-₹2,76,575/-)	
ബിൽ നം./ തീയതി/ തുക	വികസന ഫണ്ട് 163/ 22.12.22 -₹1,33,055/- 184/13.01.23 - ₹1,40,530/- 213/ 07.02.23 -₹1,43,520/- 365/ 28.03.23 -₹1,43,520/- 366/ 28.03.23 -₹69,375/-	ഗുണഭോക്തൃ വിഹിതം വൗച്ചർ നം.1220301655/25.11.22 –₹1,33,055/- വൗച്ചർ നം.12220302158/17.12.22 –₹1,36,045/- വൗച്ചർ നം.1220302223/21.12.22 –₹4,485/-

മേൽ പദ്ധതി പ്രകാരം 96 കർഷകർക്കായി 50% സബ്സിഡിയോടെ കാലിത്തീറ്റ വിതരണം ചെയ്തിരുന്നു. കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും 50 കിലോയുള്ള എലൈറ്റ് കാലിത്തീറ്റ ചാക്കൊന്നിന് 1,495/- രൂപ നിരക്കിലാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കേരള ഫീഡ്സിന്റെ 23.11.22-ലെ കെ.എഫ്.എൽ.430/99(III) നമ്പർ കത്ത് പ്രകാരം കാലിത്തീറ്റ ഇറക്കുകൂലിയും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ചാക്കൊന്നിന് മുപ്പതു രൂപ നിരക്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം നൽകുന്നതാണ്. കൂടാതെ കാലിത്തീറ്റ വില മുൻകൂറായി അടവാക്കുന്ന പക്ഷം പദ്ധതി പൂർത്തീകരണത്തിന് ശേഷം ചാക്കൊന്നിന് 20/- രൂപ നിരക്കിൽ തിരികെ ലഭിക്കുന്നതുമാണ്. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നിർവഹണ ഉദ്യോഗസ്ഥന് അർഹതയുള്ള പക്ഷം ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/19.08.23) മറുപടി ലഭ്യമാക്കിയില്ല. കാലിത്തീറ്റയുടെ കൈകാര്യ ചെലവ് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. 2022-23 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	SOO 9/23
പ്രൊജക്ടിന്റെ പേര്	പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
അടങ്കൽ തുക	₹11,00,000/- (വികസന ഫണ്ട് ജനറൽ-4,00,000/- മെയിന്റനൻസ് ഫണ്ട് -റോഡിതരം- 7,00,000/-)
ചെലവ് തുക	10,84,129/- (വികസന ഫണ്ട് ജനറൽ-3,86,792/

	മെയിന്റനൻസ് ഫണ്ട് -റോഡിതരം- 6,97,337/-)
മരുന്ന് വാങ്ങുന്നതിനായി കൈമാറിയ തുക , ബിൽ നം. / തീയതി	₹2,00,000/-, 33/27.06.22 ₹ 2,00,000/-, 34/27.06.22 ₹ 84,519/-, 53/25.08.22 ₹ 99,992/-, 56/25.08.22 ₹ 1,11,636/-, 135/01.12.22 ₹75,156/-, 165/17.12.22 ₹14,975/-, 166/17.12.22 ₹2,97,851/-, 234/14.02.23

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷന് ബിൽ നം 33/27.06.22 ,34/27.06.22 എന്നിവ പ്രകാരം ₹4,00,000/- (പ്രോഫോർമ ഇൻവോയിസ് നം.PRF 312/09.6.22) നൽകിയെങ്കിലും 3,66,380/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 33,620/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ബിൽ നം 55/25.08.22 പ്രകാരം ₹99,992/- (പ്രോഫോർമ ഇൻവോയിസ് നം.PRF 823/29.7.22) നൽകിയെങ്കിലും 55,799/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 44,193/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. 77,813/- (33620+44193) രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(7/17.08.23) നൽകിയ മറുപടിയിൽ 77,813/- രൂപയുടെ മരുന്ന് കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട് എന്ന് അറിയിച്ചു. ബിൽ നം.135/01.12.22 പ്രകാരം നൽകിയ 1,11,636/- രൂപയുടെ മുഴുവൻ മരുന്നുകളും KMSCLൽ നിന്നും ലഭ്യമായി. നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നത് വരെ 77,813/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 പട്ടികജാതി കോളനികളിൽ സമ്പൂർണ്ണ സാക്ഷരത - നവചേതന - അപാകത

പ്രോജക്ട് നമ്പർ/പേര്	40/23, നവചേതന – സമ്പൂർണ്ണ സാക്ഷരത
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ
ആകെ അടങ്കൽ	₹1,00,000/- വികസന ഫണ്ട് (SCP)
ആകെ ചെലവ്	₹32,000/- വികസന ഫണ്ട് (SCP)
ബിൽ നമ്പർ / തീയതി	361 / 28.03.2023

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പ്രാഥമിക സംഘാടനം-സർവ്വെ(₹8,500/-), റിഫ്രഷ്മെന്റ് (₹20,000/-), സ്റ്റേഷനറി(₹5,000/-), പഠിതാക്കൾക്ക് കണ്ണട (₹10,000/-), പഠനയാത്ര (₹25,000/-), , ഓണറേറിയം (₹32,000/-), പരീക്ഷനടത്തിപ്പ് (₹8,000/-), എന്നീ പ്രവർത്തനങ്ങളാണ് പദ്ധതി സംബന്ധിച്ച പ്രവർത്തന വിവരങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിലുൾപ്പെട്ട ഇനമായ ഓണറേറിയം നല്കുന്നതിന് ആണ് പദ്ധതിയിൽ തുക ചെലവിട്ടിരിക്കുന്നത്. ഓണറേറിയം നല്കുന്നതിനായി പരിശീലകർ സമർപ്പിച്ച അപേക്ഷ, പരിശീലകരുടെ അറ്റൻഡൻസ് രേഖ, വിദ്യാർഥികളുടെ അറ്റൻഡൻസ് രേഖ, ഓണറേറിയം കൈപ്പറ്റ് രസീത് എന്നിവയാണ് ഫയലിൽ ഉള്ളത്. രണ്ട് ഇൻസ്ട്രക്ടർമാർക്ക് പ്രതിമാസം നാലായിരം രൂപ നിരക്കിൽ നാലുമാസത്തേക്ക് ₹16,000/- വീതം (ആകെ ₹32,000/-) ആണ് ഓണറേറിയം നല്കിയിട്ടുള്ളത്. ഇരുപത് പഠിതാക്കളാണ് ഹാജർ പ്രകാരം നാലുമാസവും ഉള്ളത്. ഏതെല്ലാം ക്ലാസ്സുകളിലാണ് ഇവർ പഠിക്കുന്നത് എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഇൻസ്ട്രക്ടർമാർ നാലുമാസവും എല്ലാ ദിവസവും ക്ലാസ്സുകൾ എടുത്തതായി കാണുന്നില്ല. ഓരോ മാസവും ക്ലാസ്സുകൾ എടുത്തിട്ടുള്ള ദിവസങ്ങൾക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ഉദാഹരണത്തിന് ശ്രീമതി അഹല്യ സദാനന്ദൻ 2022 സെപ്റ്റംബറിൽ 8 ദിവസം, ഒക്ടോബർ-18 ദിവസം, നവംബർ-17 ദിവസം, ഡിസംബർ-17 ദിവസം എന്നിങ്ങനെയാണ് പരിശീലനം നൽകിയിരിക്കുന്നത്. ശ്രീമതി സബിത സെപ്റ്റംബർ-9 ദിവസം, ഒക്ടോബർ-17 ദിവസം, നവംബർ-18 ദിവസം, ഡിസംബർ-17 ദിവസം എന്നിങ്ങനെയാണ് പരിശീലനം നൽകിയിരിക്കുന്നത്. ഹാജർ പ്രകാരം ആഫ്റ്റർനൂൺ(ഉച്ചക്കുശേഷം) ആണ് പരിശീലനം നൽകപ്പെട്ടിരിക്കുന്നത്. പട്ടിക ജാതി കോളനികളിൽ സമ്പൂർണ്ണ സാക്ഷരത-നവചേതന എന്ന പ്രോജക്ട് വാർഷിക പദ്ധതി മാർഗ്ഗരേഖയുടെ ഏത് നിർദ്ദേശങ്ങൾ പ്രകാരമാണ് രൂപീകരിച്ച് നടപ്പാക്കപ്പെട്ടിട്ടുള്ളത്, ക്ലാസ്സുകളുടെ ദൈർഘ്യം എത്രയാണെന്നും ഓണറേറിയം പ്രതിമാസം 4,000/- രൂപയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഏത് സർക്കാർ നിർദ്ദേശപ്രകാരമാണെന്നും എല്ലാ മാസത്തിലും കുറേയധികം ദിനങ്ങളിൽ പരിശീലനം നല്കപ്പെടാതിരുന്നതിനാൽ ഓണറേറിയം ആനുപാതികമായി കുറവ് വരുത്താതിരുന്നത് എന്ത്കൊണ്ടാണെന്നും ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. മറുപടിയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ പദ്ധതി സാക്ഷരതാ മിഷൻ, പട്ടിക ജാതി വികസന വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ്. ആയതിനായി ജില്ലയിലെ മറ്റ് ഒൻപത് പഞ്ചായത്തുകൾക്കൊപ്പം ഒക്കൽ പഞ്ചായത്തിനെ തെരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ മേൽ പദ്ധതി നടപ്പാക്കാനായി പ്ലാൻ ഫണ്ട്

(എസ്.സി. വിഹിതം) ചെലവഴിച്ചത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നോയെന്ന് മറുപടിയിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 32,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 എസ്.സി. വിദ്യാർഥികൾക്ക് ലാപ്ടോപ്പ് - അപാകത

പ്രോജക്റ്റ് നമ്പർ/പേര്	42/23 എസ്.സി. വിദ്യാർഥികൾക്ക് ലാപ്ടോപ്പ് - അപാകത
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ
ആകെ അടങ്കൽ	₹1,73,811/-(SCP)
ആകെ ചെലവ്	₹1,38,760/-(SCP)
ബിൽ നമ്പർ / തീയതി	150 / 14.12.2022

നാല് വിദ്യാർഥികൾക്കാണ് മേൽ പദ്ധതി പ്രകാരം ലാപ്ടോപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7. പ്രകാരം പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ പഞ്ചായത്തിൽ നിന്ന് ലാപ്ടോപ്പ് നല്കാനാകൂ. പദ്ധതിയിലുൾപ്പെട്ട മൂന്ന് വിദ്യാർഥികൾക്കും കുവപ്പടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ ശ്രീലക്ഷ്മി എം.എസ്. എന്ന വിദ്യാർഥിനിക്ക് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. IT Professionals Cooperative Society, Trivandrum എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ് ടോപ്പ് വാങ്ങിയത്. വാങ്ങൽ സംബന്ധിച്ച് GeM കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.3 / 17.08.2023) നല്കിയിരുന്നെങ്കിലും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി.) - ₹ 4,350/- നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ	145/23
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
ആകെ അടങ്കൽ	1,83,800/-(എസ്.സി.പി.)
ആകെ ചെലവ്	1,78,350/-(എസ്.സി.പി.)
ബിൽ നമ്പർ/തീയതി/തുക	155/19-12-22 / ₹1,65,300/- 325/28-3-23 / ₹8,700/- 337/28-3-23 / ₹4,350/-

മേൽ പദ്ധതിപ്രകാരം 4350/- നിരക്കിൽ 41 കട്ടിലുകൾ എസ്. സി. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വാങ്ങി നല്കിയിട്ടുണ്ട്. F.I.T. LTD, ആലുവ- ൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പദ്ധതിയിലുൾപ്പെട്ട് കട്ടിൽ ലഭിച്ച ശ്രീ തമ്പി പാപ്പു എന്ന ഗുണഭോക്താവിന്റെ കുടുംബവാർഷികവരുമാനം നിർദ്ദേശിക്കപ്പെട്ട പരിധിയിൽ അധികരിച്ചതിനാൽ 4,350/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

1-26 SSK വിഹിതം നല്കിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ, പേര്	206/23, SSK വിഹിതം നൽകൽ
നിർവ്വഹണം	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ
ആകെ അടങ്കൽ	₹3,00,000/- വികസന ഫണ്ട് (ജനറൽ)
ആകെ ചെലവ്	₹2,00,000/- വികസന ഫണ്ട് (ജനറൽ)
ബിൽ നമ്പർ / തീയതി	76/27.09.2022

മേൽ പദ്ധതി പ്രകാരം Project Coordinator, SSK Ernakulam-ത്തിന് 27-9-2022ൽ ഓൺലൈനായി 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.4/17.08.2023) നല്കി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 14,81,634/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ താഴെ ചേർത്തിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.21 തീയതി 20.08.2023) നല്കി.

പ്രൊജക്റ്റ് നമ്പർ, പദ്ധതിയുടെ പേര്	ആകെ ചെലവ്	ബിൽ നമ്പർ , തീയതി	നിർവ്വഹണ ഏജൻസി
128/23, IKM പ്രവർത്തന ഫണ്ട് (വികസന ഫണ്ട് – ജനറൽ)	67,873/-	359/28-3-22	IKM
248/23, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (CFC Untied Basic Grant)	1,93,446/-	287/20-3-23	KSEB
7/23, സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ (CFC Untied Basic Grant)	10,80,315/-	364/28-3-23	KSEB
244/23, വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ (CFC Tied Grant)	1,40,000/-	224/15-2-23	KWA

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ആകെ ചെലവ് തുകയായ 14,81,634/- രൂപ തടസ്സപ്പെടുത്തുന്നു.

1-28 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല.

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1,000/- രൂപ, കൂടിയത് 50,000/- രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2,000/- രൂപ, കൂടിയത് 1,00,000/- രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 63/23, വാര്യമ്പാട് കടത്ത് കടവ് റോഡ് ഐറിഷ് ഡ്രെയിൻ വാർഡ് 14 (S.293/21, 195/22)

അടങ്കൽ - ₹55,800/- (MG-Road)

ചെലവ് - ₹35,234/- {Bill No.14/28.05.2022 }

PAC- ₹42,438/-

കരാറുകാരൻ - ശ്രീ. ഹണി ബേബി (പൊടിപ്പാറ കൺസ്ട്രക്ഷൻസ്)

എഗ്രിമെന്റ് നം: 54/AE/LSGD/OKL/20-21/28-02-2021

അളവു പുസ്തകം നം.- 486/21-22

പൂർത്തീകരണ കാലാവധി - 27.05.2021 (3 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 22.04.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹1,273/- (3% Of PAC Or Minimum ₹3000)

എന്നാൽ മിനിമം ഈടാക്കേണ്ട തുക 3,000/- ആയതിനാൽ (1000+2000) 3,000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 73/23, പൊതുകിണർ അറ്റകുറ്റപ്പണി , ക്ലീനിംഗ് (S.O.283/21, 192/22)

അടങ്കൽ - ₹4,00,000/- (MG-Road)

ചെലവ് - ₹2,97,136/- {230324(2021-22), 66812-Bill No.39/04.07.2022}

PAC- ₹3,53,698/-

കരാറുകാരൻ - ശ്രീ. ഹണി ബേബി (പൊടിപ്പാറ കൺസ്ട്രക്ഷൻസ്)

എഗ്രിമെന്റ് നം: 19/AE/LSGD/OKL/20-21/29-09-2020

(സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി- 29.10.2020)

അളവു പുസ്തകം നം.- 42/20-21, 507/21-22

പൂർത്തീകരണ കാലാവധി - 28.01.2021 (3 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 07.04.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹10,611/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹10,611/-

3) 113/23, എസ് സി ശ്മശാനം നവീകരണം വാർഡ് 12 (S.O.258/22)

അടങ്കൽ - ₹2,07,900/- (Dev.Fund-SCP)

ചെലവ് - ₹1,87,993/- {Bill No.113/17.11.2022}

PAC- ₹1,85,608/-

കരാറുകാരൻ - ശ്രീ. സാജു.ടി.ടി

എഗ്രിമെന്റ് നം: 47/AE/LSGD/OKL/21-22/05-03-2022

അളവു പുസ്തകം നം.- 237/21-22

പൂർത്തീകരണ കാലാവധി - 04.06.2022 (3 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 04.07.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹5,568/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹5,568/-

4) 100/23, ഇടവൂർ യു പി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മാണം (S.O.230/22)

അടങ്കൽ - ₹4,81,302/- (കേന്ദ്രാവിഷ്കൃത ഫണ്ട്-SBM)

ചെലവ് - ₹4,47,044/- {Cheque No.711757/27.03.2023-431076,GST-7984,IT-3992,KCWWF-3992}

PAC- ₹4,46,423/-

കരാറുകാരൻ - ശ്രീ. സാജു.ടി.ടി

എഗ്രിമെന്റ് നം: 21/AE/LSGD/OKL/21-22/24-01-2022

അളവു പുസ്തകം നം.- 252/21-22

പൂർത്തീകരണ കാലാവധി - 23.04.2022 (3 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 22.06.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹13,393/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹13,393/-

5) 64/23, 33-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് വാർഡ്-14 (S.O.151/20, 219/21, 167/22)

അടങ്കൽ - ₹2,78,873/- (തനത് ഫണ്ട്)

ചെലവ് - ₹2,22,124/- {187301(2021-22), 34823-Voucher No.22200446/27.09.2022 }

PAC- ₹2,67,735/-

കരാറുകാരൻ - ശ്രീ. പോൾ.പി.എസ്

എഗ്രിമെന്റ് നം: 77/AE/LSGD/OKL/2019-20/13-03-2020

അളവു പുസ്തകം നം.- 241/21-22

പൂർത്തീകരണ കാലാവധി - 28.01.2021 (45 ദിവസം സെലക്ഷൻ നോട്ടീസ് പ്രകാരം, കൂടാതെ 9 മാസം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി)

പൂർത്തീകരിച്ച തീയതി- 23.12.2021

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 8,032/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹8,032/-

6) 86/23, സബ് സെന്റർ മെയിന്റനൻസ് (S.O.90/22)

അടങ്കൽ - ₹1,15,000/- (MG-Non Road)

ചെലവ് - ₹76,351/- {Bill No.230/20.02.2023}

PAC- ₹1,02,613/-

കരാറുകാരൻ - ശ്രീ. സാജു.ടി.ടി

എഗ്രിമെന്റ് നം: 23/AE/LSGD/OKL/21-22/18-01-2022

അളവു പുസ്തകം നം.- 505/21-22

പൂർത്തീകരണ കാലാവധി - 17.04.2022 (3 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 17.06.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹3,078/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹3,078/-

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന്

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.15/19.08.2023, നം.22/21.08.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക ₹43,682/- (3000 + 10611 + 5568 + 13393 + 8032 + 3078) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-29 മരാമത്ത് പ്രവൃത്തികൾ - എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

2012ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1,000/- രൂപയും കൂടിയത് 25,000/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി. മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രവൃത്തിയുടെ വിവരം	ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി	പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തീയതി	എഗ്രിമെന്റ് വെച്ച തീയതി, നം.	ഈടാക്കേണ്ടിയിരുന്ന പിഴ (1%)
89/23, അങ്കണവാടി മെയിന്റനൻസ് അടങ്കൽ-₹4,00,000/-(MG-Non Road) ചെലവ്- ₹3,80,850/- (ബിൽ നം.114/17.11.22) APAC-₹356919 (ജി.എസ്.ടി ഒഴികെ) കരാറുകാരൻ - ശ്രീ ജിറ്റോ കെ. ബേബി എഗ്രിമെന്റ് നം. 41/AE/LSGD /OKL/21-22, Dt.04.03.2022 ഭരണ സമിതി തീരുമാനം നം.1(3)/20.01.2022	20.01.2022/ 21.01.2022	03.02.2022	04.03.2022	3569
93/23, പൊതുകിണർ ശുചീകരണവും സംരക്ഷണവും അടങ്കൽ-₹4,11,500/- (CFC) ചെലവ്- ₹4,11,127/- (ബിൽ നം.63/13.09.22) APAC-₹3,67,343/- (ജി.എസ്.ടി ഒഴികെ) കരാറുകാരൻ - ശ്രീ എസ്.ഐ. തോമസ് എഗ്രിമെന്റ് നം. 35/AE/LSGD /OKL/21-22, Dt.23.02.2022 ഭരണ സമിതി തീരുമാനം നം.1(4)/20.01.2022	20.01.2022/ 21.01.2022	03.02.2022	23.02.2022	3673

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/13.08.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ എഗ്രിമെന്റ് വൈകിയതിനുള്ള പിഴ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുവായ വിലയിരുത്തൽ

(എ) ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 107 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 70 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 2,75,15,006/- രൂപയിൽ 1,53,74,947/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ചെലവ് വകയിരുത്തിയ തുകയുടെ 55.89% മാത്രമാണ്.

മുൻവർഷത്തെ ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

(ബി) രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നില്ല. കൂടാതെ കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം നം./തീയതി എഴുതുന്നില്ല.

5. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

6. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

(സി) ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.84/2022/തസ്വഭവ, തീയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന്

വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/19.08.2023) മറുപടി ലഭ്യമാക്കിയില്ല.

നിർദ്ദേശങ്ങൾ

1. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മാത്രം മെയിന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-31 വീട് വാസയോഗ്യമാക്കൽ - പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നമ്പരും, പേരും - 168/23, വീട് വാസയോഗ്യമാക്കൽ-എസ്.സി

അടങ്കൽ - ₹ 9,60,000/-

ചെലവ് - ₹ 7,09,997/-

[Bill No.265/15.3.23-₹4,60,000/-, 354/28.3.23-₹1,13,635/-,
355/28.3.23-₹90,908/-, 357/28.3.23-₹45,454/-}

നിർവ്വഹണ ഉദ്യാഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒക്കൽ സർക്കിൾ)

മേൽ പ്രോജക്റ്റ് പ്രകാരം 23 ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി ആരംഭിച്ചതിൽ 19 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 ഗുണഭോക്താക്കൾ നാളിതുവരെയും വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക (₹)
1	തങ്കമ്മ മാധവൻ, പുത്തംപുരയ്ക്കൽ, കുവപ്പടി, വാർഡ് നം.5	20,000/-
2	സുരേന്ദ്രൻ.കെ.എ, കാരിക്കാട്ട് ഹൌസ്, ഒക്കൽ, വാർഡ് നം.9	20,000/-
3	അമ്മു.എ, അമ്പലത്ത്മാലി, ഒക്കൽ, വാർഡ് നം.10	20,000/-
4	തങ്കമ്മ ശങ്കരൻ, പൈലിക്കുടി, ഓണംമ്പിള്ളി, വാർഡ് നം.3	20,000/-

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (18/19.08.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വീട് അറ്റകുറ്റപ്പണിപൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി.) -4,350/- രൂപ നിരാകരിക്കുന്നു

പ്രൊജക്റ്റ് നമ്പർ	145/23
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	₹1,83,800/-(വികസന ഫണ്ട് - എസ്.സി.പി.)
ചെലവ്	₹1,78,350/-
ബിൽ നമ്പർ / തീയതി / തുക	155/19-12-22 / ₹1,65,300/- 325/28-3-23 / ₹ 8,700/- 337/28-3-23 / ₹4,350/-

മേൽ പദ്ധതിപ്രകാരം ₹4350/- നിരക്കിൽ 41 കട്ടിലുകൾ എസ്. സി. വിഭാഗത്തിൽപെട്ട വയോജനങ്ങൾക്ക് വാങ്ങി നല്കിയിട്ടുണ്ട്. F.I.T. LTD, ആലുവ-ൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. പദ്ധതിയിലുൾപ്പെട്ട് കട്ടിൽ ലഭിച്ച ശ്രീ തമ്പി പാപ്പു എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രപ്രകാരം 8,22,144/- രൂപയാണ്. റേഷൻ കാർഡ് വിവരങ്ങൾ പ്രകാരം സർക്കാർ ജീവനക്കാരി ഉൾപ്പെടെയുള്ള വ്യക്തികൾ അടങ്ങുന്ന കുടുംബമാണ് ടിയാളുടേത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.സി. വിഭാഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിലധികരിക്കരുത്. ആയതിനാൽ 8,22,144/- രൂപ കുടുംബ വാർഷിക വരുമാനമുള്ള ശ്രീ തമ്പി പാപ്പു എന്ന ഗുണഭോക്താവിന് കട്ടിൽ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.20/20.08.2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത് ടിയാൾക്ക് അനുവദിച്ച കട്ടിലിന്റെ വിലയായ 4,350/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23 വർഷത്തെ ഓഡിറ്റിനോടൊപ്പമാണ് വാർഷിക കണക്കുകൾ പരിശോധനക്ക് വിധേയമാക്കിയത്.		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നം.	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രൊജക്ടിന്റെ വിവരം	ചെലവ്	നീക്കിയിരിപ്പ്
1	ബ്ലോക്ക് പഞ്ചായത്ത്	2022-23	4,31,975	58/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	4,31,975	0
2	ബ്ലോക്ക്	2022-23	1,20,000	169/23-ലൈഫ് ഭവനപദ്ധതി-	1,20,000	0

	പഞ്ചായത്ത്			ജനറൽ		
3	ബ്ലോക്ക് പഞ്ചായത്ത്	2022-23	2,00,000	137/23-ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി	2,00,000	0
ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം			7,51,975		7,51,975	
4	ജില്ലാ പഞ്ചായത്ത്	2022-23	1,60,000	139/23-സ്ഥിരം നെൽ കൃഷിക്ക് സബ്സിഡി	1,60,000	0
5	---"---	2022-23	4,50,000	171/23-ലൈഫ് ഭവനപദ്ധതി (എസ് സി)	4,50,000	0
6	---"---	2022-23	7,60,000	169/23-ലൈഫ് ഭവനപദ്ധതി-ജനറൽ	7,60,000	0
7	---"---	2022-23	1,40,325	58/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	1,40,325	0
8	---"---	2022-23	1,50,000	137/23-ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി	1,50,000	0
9	---"---	2022-23	1,00,000	229/23-പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ്	1,00,000	0
ആകെ ജില്ലാ പഞ്ചായത്ത് വിഹിതം			17,60,325		17,60,325	

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	S248/23 ഒക്കൽ പഞ്ചായത്തിലെ വിവിധ റോഡുകളിലെ ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	287 / 20.03.2023	₹1,93,446	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	-
കെ.എസ്.ഇ.ബി	S07/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	364 / 28.03.2023	₹10,80,315	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	-
കെ.ഡബ്ല്യു.എ	S244/23 വാട്ടർ അതോറിട്ടിക്ക് തുക അടവാക്കൽ	224 / 15.02.2023	₹1,40,000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	-

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര്	ഉത്തരവ് നമ്പർ/ തീയതി	വായ്പാ തുക തൻവർഷം ലഭിച്ചത്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക (ഉത്ഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ലൈഫ് ഭവന നിർമ്മാണം KURDFC	സ.ഉ.(കൈ) നം. 2278/18 ത.സ്വ.ഭ.വ. / 18.08.2018	-0-	₹54,16,000/-	₹9,50,077/-	-0-	₹44,65,923

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/പേര്	അടവാക്കിയ തുക
1.	252/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	₹362723/-
2.	243/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	₹362724/-
3.	242/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (SCP)	₹112315/-
4.	253/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (SCP)	₹112315
	ആകെ	₹950077

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019 – 20	1-20	2020-21	1(2) അനുബന്ധം2, ക്രമ നമ്പർ 82	ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പിഎച്ച്സി എഫ്എച്ച് സി ആക്കുന്നതിന് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് 8,00,000/- രൂപ എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജർക്ക് കൈമാറിയിരുന്നു. 7,41,703/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി. ബാക്കി വന്ന 58,297/- രൂപ എൻഎച്ച്എം -ൽ നിന്ന് ഈടാക്കുന്നത് സംബന്ധിച്ച്. നിലവിലെ അവസ്ഥ	7,41,703/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 58,297/- രൂപ തിരികെ നൽകുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം)	:	₹3,86,27,786
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം)	:	₹4,11,26,769
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹4,350

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക	:	₹17,91,447

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	₹4,350/-	ശ്രീ സുനിൽ കെ.എൻ., അസിസ്റ്റന്റ് സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	₹77,813	ഡോ.ബിമൽ ബാബു, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി
1-23	₹32,000	ജയൻ ടി ബി, ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
1-26	₹2,00,000	ജയൻ ടി ബി, ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
1-27	₹14 81,634	മോഹനൻ എൻ എം, സെക്രട്ടറി
ആകെ	₹17,91,447	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.ബിമൽ ബാബു	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ഒക്കൽ ഗ്രാമപഞ്ചായത്ത്	അമ്പിളി ഭവൻ, തണങ്ങാട്ട് ലൈൻ, പെരുമ്പാവൂർ
ജയൻ ടി ബി	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ ഒക്കൽ ഗ്രാമപഞ്ചായത്ത്	കുറുങ്ങാട്ട് വീട്, കീഴില്ലം പി ഒ പിൻ -683541
മോഹനൻ എൻ എം	സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത്	നിരപ്പേൽ വീട്, അതിർകണ്ടത്തിൽ ലൈൻ, തൃപ്പൂണിത്തുറ
സുനിൽ കെ എൻ	അസിസ്റ്റന്റ് സെക്രട്ടറി ഒക്കൽ ഗ്രാമപഞ്ചായത്ത്	കളരിക്കൽ പുഷ്പകം, ഇരിങ്ങോൾ പി ഒ, പെരുമ്പാവൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
2000-01	എൽ എഫ് ഇ (പി2)/59/07 തീയതി:09.02.2007/17.04.2007
2001-02	എൽ എഫ് ഇ (പി2) /60/07 തീയതി: 9.02.2007/02.07.2007
2002-03	എൽ എഫ് ഇ (പി2)/133/10 തീയതി:23.12.2010/03.05.2011
2003-04	എൽ എഫ് ഇ (പി2) /134/10 തീയതി:23.12.2010/03.05.2011
2004-05	എൽ എഫ് ഇ (പി2) /135/10 തീയതി:23.12.2010/03.05.2011
2005-06	എൽ എഫ് ഇ (പി2) /136/10/ തീയതി:23.12.2010/03.05.2011
2006-07	എൽ എഫ് ഇ (പി2) /137/10 തീയതി:23.12.2010/03.05.2011
2007-08	എൽ എഫ് ഇ (പി2) /943/11 തീയതി:09.03.2012/16.04.2012

2008-09	എൽ എഫ് ഇ (പി2) 944/11 തീയതി:09.03.2012/16.04.2012
2009-10	എൽ എഫ് ഇ (പി2) 1845/11 തീയതി:21.10.2011/10.11.2011
2010-11	എൽ എഫ് ഇ (പി2)1846/11 തീയതി:21.10.2011/10.11.2011
2011-12 & 2012-13	എൽ എഫ് ഇ (പി2) 1339/2014 തീയതി: 08.01.2015
2013-14 & 2014-15	കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015 തീയതി: 08.01.2016
2015-16	കെ.എസ്.എ.ഇ.കെ.എം. (പി2) 1989/2016 തീയതി: 07.12.2016
2016-17	കെ.എസ്.എ.ഇ.കെ.എം. (പി2) 1922/2017 തീയതി: 22.11.2017
2017-18	കെ.എസ്.എ.ഇ.കെ.എം. (പി2)121/2019 തീയതി: 06.02.2019
2018-19	കെ.എസ്.എ.ഇകെഎം(പി.2)06/2020 തീയതി :24.01.2020
2019-20	കെ.എസ്.എ.ഇകെഎം(പി.2)990/2021 തീയതി 03.09.2021
2020-21	കെ.എസ്.എ.ഇകെഎം(പി.2)991/2021 തീയതി 03.09.2021
2021-22	കെ.എസ്.എ.ഇകെഎം(പി.2)1767/2022 തീയതി 15.11.2022

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 15-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Okkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Okkal Grama Panchayat for the year 2022-2023

Date: 24/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Okkal Grama Panchayat for the Year 2022-2023.

1.Major Observations

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.
4. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

2.Other Observations

1. The following mandatory financial statements prescribed in Accounting Rules are not submitted for audit. Ratios and Notes on Accounts.

2. Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in *Net increase/ decrease in cash and cash equivalents* (Rs.24,98,983.00) does not match with the *Net Cash Generated By Operating+Investing+Financing Activity* which is recorded as Rs.49,62,814.00. Both figures should be equal as per the approved accounting standards. Hence the accuracy of the Cash Flow Statements is not certified.

3. Total value of assets in the B-11 Schedule of Balance Sheet is booked under Other Fixed Assets alone where as Depreciation is charged under 10 heads . The value of landed properties is not included in the Asset Value. The value of stock as per Stock Register is also not taken into account.

4. The arrears of receivables booked under different heads in Schedule B-15 amounts to Rs.75,54,558.00. But the provision for doubtful debts for tax and non tax revenues as per G.O 152/2011/LSGD dtd 26/07/2011, Rule 58(4)H of Kerala Panchayath Raj Accounting rules, 2011 is not made in the Income & Expenditure Statement.

5. Property Tax D.C.B in A.F.S does not match with the DCB in Sanchaya Statements.
6. The recovery amount from projects numbered 19/23, 207/23 implemented with own fund was erroneously remitted from Central Finance Commission Grant. Hence a difference of Rs.20,470.00 is existing in the expenditure reports from ILGMS and Sulekha Software.
7. Retention amount of the project numbered 60/23 implemented with Finance Commission Grant was not receipted into own fund and hence the expenditure recorded in Sulekha Software is Rs.6,54,306.00. But the expenditure recorded in ILGMS is Rs.6,40,444.00. (difference Rs.13,862/-).
8. The closing balance as per bank account of literacy scheme grant is Rs.4,43,460/-. But the closing balance recorded in B-4 Schedule is Rs.4,49,260/- (difference Rs.5,800/-).

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്